## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 30.10.2019 ലെ ഉത്തരവ് കത്ത് നം.ഡി5/7500/2019/ഡി ജിഇ
2. ബന്ധപ്പെട്ട പ്രധാനാധ്യാപകരുടെ അപേക്ഷ.

**ഉത്തരവ് നമ്പർ ഡി5/7500/2019/ഡി.ജി.ഇ തീയതി :08/11/2019**

പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ക്രമ നം. (5) ശ്രീ. അഗസ്ററിൻ ബെർനാഡ് മൊണ്ടേരിയോ കന്നട ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറായി ഔട്ട് ഓഫ് ടേൺ ഊഴ പ്രകാരം സേവനം അനുഷ്ഠിച്ചുവരുന്നു. ടിയാന്റെ നിയമനം പരാമർശം(1) ഉത്തരവ് തീയതി 30.10.2019 മുതൽ റഗുലർ തസ്തികയിൽ ക്രമീകരിക്കുന്നു,

2. ക്രമ നം. (6) ശ്രീമതി. സുനീത.എ പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ് പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. കന്നട ഭാഷാ ന്യൂനപക്ഷ ഹൈസ്കൂളിലെ പ്രധാനാധ്യാപക നിയമനത്തിന് ആവശ്യമായ യോഗ്യത നേടിയിട്ടുള്ള ആളായതിനാൽ അത്തരത്തിൽ ഒഴിവുള്ള സ്കൂളിൽ നിയമനം നൽകണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ ഒഴിവുള്ള ഗവ. ഹയർ സെക്കന്ററി സ്കൂൾ ബങ്കര മഞ്ചേശ്വർലേക്ക് നിയമനം മാറ്റി ക്രമീകരിക്കുന്നു.

3. ക്രമനം.12 ശ്രീമതി. ജോളി. എസ് നെ ജി.എച്ച്.എസ്.എസ്. തേവന്നൂർ സ്കൂളിലേക്കും ശ്രീമതി. ഷീല പി.എസ് നെ ജി.എം.ആർ.എച്ച്.എസ്.എസ് കുളത്തുപ്പുഴയിലേക്കും പരസ്പരം സ്ഥലംമാറ്റി നിയമനം നൽകിയത് റദ്ദ് ചെയ്ത് തൽസ്ഥിതിയിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥാനക്കയറ്റം**

വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) 03.09.2019 ൽ അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അധ്യാപകരെ സ്ഥാനക്കയറ്റം നൽകി സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് 39500-83000/- ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| Sl. No | Rank No | Name of Teacher | Date of Birth | Name of Present School | Institution in which Posted as HM/AEO |
|---|---|---|---|---|---|
| 1 | 1464 | AJAYAGHOSH E M | 22/01/1965 | GHSS Anchalamoodu, Kollam | G.H.S.S. Kalanjoor, Pathanamthitta |
| 2 | 1466 | STIVI K P | 27/05/1971 | SSA Kozhikode | G.H.S.S. Budhanoor Alappuzha |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകയും ആ വിവരം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിലെ എച്ച്.എസ്.എ മാരുടെ 1991 മുതൽ 1996 വരെയും 1997 മുതൽ 2000 വരെയും ഉള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ഈ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93(എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരുടെ സീരിയൽ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു. 3 വർഷത്തിനുള്ളിൽ ടി അധ്യാപകർ മതിയായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടിയിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ രേഖാമൂലം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

പുതിയ ലാവണത്തിൽ പദവി ഏറ്റെടുത്ത ശേഷം ആയത് ബന്ധപ്പെട്ട കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പൾ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

(ഒപ്പ്)
ജീവൻ ബാബു. കെ, ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരള
തിരുവനന്തപുരം.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട എല്ലാ പ്രാധാനാധ്യാപകർക്കും
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ട്ർമാർക്കും
3. ബന്ധപ്പെട്ട എല്ലാ അധ്യാപകർക്കും
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ),
   തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

കരുതൽ ഫയൽ /ഓഫീസ് കോപ്പി